# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ആഗോളവല്‍ക്കരണ - ഉദാരവല്‍ക്കരണവും സഹകരണ മേഖലയുടെ തകര്‍ച്ചയും</u>

3737 ശ്രീ. ഇ.പി. ജയരാജന്‍
,, എം. ചന്ദ്രന്‍
,, എസ്. ശര്‍മ്മ
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേന്ദ്രസര്‍ക്കാര്‍ മൂലധനശക്തികള്‍ക്കായി കേരളത്തിലെ സഹകരണമേഖലയെ തകര്‍ക്കുന്ന സമീപനം സ്വീകരിക്കുന്നതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ്

3738 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

സഹകരണ ബാങ്കുകൾ ജനകീയമാക്കുന്നതിനുള്ള നടപടികൾ

3739

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സേവനം കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാന സഹകരണ ബാങ്കുകളെ കോർത്തിണക്കി കോർബാങ്കിംഗും എ.ടി.എമ്മും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) അവശ്യമരുന്നുകൾ വിലകുറച്ച് നൽകാൻ നീതി മെഡിക്കൽ സ്റ്റോറുകൾ സഹകരണ ബാങ്കുകൾ മുഖേന തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആദായ നികുതി ഉദ്യോഗസ്ഥരുടെ പരിശോധനമൂലം സഹകരണ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>നിക്ഷേപ സമാഹരണം</u>

3740 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(ബി) എത്ര രൂപയാണ് ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കുമോ;

(സി) ഇതിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) നിക്ഷേപ സമാഹരണത്തിൽ ഈ നേട്ടം കൈവരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഇ) ഇതിനായി ഏതെല്ലാം തരം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് സഹകരിച്ചത്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

സംസ്ഥാന സഹകരണബാങ്കിന്റെ അധിക വിഭവ സമാഹരണം

3741 ശ്രീ. വി. ഡി. സതീശൻ
'' വി. റ്റി. ബൽറാം
'' എ. പി. അബ്ദുള്ളക്കുട്ടി
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് അധിക വിഭവസമാഹരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ബാങ്കിന്റെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മെമ്പർറിലീഫ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

3742 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ചട്ടം കരട് ഭേദഗതി നിർദ്ദേശങ്ങളിൽ മെമ്പർ റിലീഫ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) ഈ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ വായ്പാപരിധി</u>

3743 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, പി.എ. മാധവൻ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ പരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന വ്യക്തിഗത വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം വായ്പകൾക്കാണ് പരിധി ഉയർത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വായ്പാ പരിധി ഉയർത്തിയത് വഴി എന്തെല്ലാം നേട്ടങ്ങളാണ് വിവിധ വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളുടെ പ്രവര്‍ത്തനം ആധുനികവല്‍കരിക്കാന്‍ നടപടി</u>

3744 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റേയും പ്രൈമറി ബാങ്കുകളുടെയും പ്രവര്‍ത്തനം കൂടുതല്‍ ആധുനികവല്‍ക്കരിക്കുവാന്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്കുകളില്‍ എ.ടി.എം കൌണ്ടറുകള്‍ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിക്ക് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കുകളെ കമ്പ്യൂട്ടര്‍വല്‍ക്കരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതകൾ</u>

3745 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിൽ ഒരിക്കൽ രേഖപ്പെടുത്തുന്ന തരത്തിലെ ന്യൂനതകൾ ആവർത്തിക്കപ്പെടുന്നതുമൂലം തുടർന്നുള്ള വർഷങ്ങളിലും രേഖപ്പെടുത്തേണ്ടിവരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ശാസ്ത്രിനഗർ റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നമ്പർ റ്റി.389) പോലുള്ള പ്രൈമറി സൊസൈറ്റികളുടെ ആഡിറ്റ് റിപ്പോർട്ടിൽ, ജീവനക്കാരുടെ നിയമനം സംബന്ധിച്ച കാര്യങ്ങളിലും, മറ്റ് ഭരണപരമായ കാര്യങ്ങളിലും സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായ തീരുമാനങ്ങളുണ്ടാകുന്നതായി തുടർച്ചയായ പരാമർശങ്ങളുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ ആഡിറ്റ് റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്വം ആഡിറ്റ് വിഭാഗത്തിനോ, കാര്യക്ഷമമായ മറ്റുവിഭാഗത്തിനോ നല്കുന്ന കാര്യം പരിഗണിക്കുമോ; അതിനായി ആവശ്യമെങ്കിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് സഹകരണ സംഘം ജീവനക്കാർക്കെതിരെയുള്ള നടപടി

3746 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ സ്ഥാപനങ്ങളിലെ ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘം ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരം വ്യക്തമാക്കുമോ; ഓരോ ജീവനക്കാരന്റെയും പേരിൽ സ്വീകരിച്ച നടപടി; ഓരോരുത്തരും ക്രമക്കേട് നടത്തിയ തുക എന്നിവയും വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിൽ ചികിത്സയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി</u>

3747 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ക്ലിനിക്കൽ ലബോറട്ടറികൾ, മെഡിക്കൽ ഷോപ്പുകൾ, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം</u>

3748 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സഹകരണ വകുപ്പിലെ ജീവനക്കാരിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് ; ഈ തുക എവിടെയാണ് നിക്ഷേപിക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) ആസ്ഥാന മന്ദിരനിർമ്മാണത്തിന്റെ മൊത്തം അടങ്കൽ തുക എത്ര; മന്ദിര നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) മന്ദിരനിർമ്മാണത്തിന് സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട് ; അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു; വിശദമാക്കാമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഭവനശ്രീ പദ്ധതി പ്രകാരമുള്ള ധനസഹായം

3749 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "ഭവനശ്രീ പദ്ധതി" പ്രകാരം എത്ര വീടുകൾക്കാണ് ധനസഹായം നൽകിയത്?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

കാർഷിക ഗ്രാമ വികസന ബാങ്ക് - പ്രതിമാസ സമ്പാദ്യ പദ്ധതി

3750 ശ്രീ. എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്ത് തുകയുടെ ഫണ്ട് സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പാ പദ്ധതികൾ

3751 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾക്ക് അപേക്ഷിച്ചാലുടൻതന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ വായ്പാ പദ്ധതികൾ</u>

3752 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം കർഷകർക്ക് എത്രകോടി രൂപ വായ്പ നൽകുന്നതിനാണു ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

3753 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് കാർഷിക വായ്പ അനുവദിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക വായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

3754 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സഹകരണ വകുപ്പിന്റെ കീഴിൽ എത്ര കർഷക സേവനകേന്ദ്രങ്ങളാണ് രൂപീകരിച്ചിട്ടുള്ളത്; എവിടങ്ങളിലൊക്കെ;

(ബി) പ്രസ്തുത കർഷക സേവനകേന്ദ്രങ്ങൾ ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗക്കാർ എടുത്ത വായ്പാത്തുക എഴുതി തള്ളുവാൻ നടപടി

3755 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ എടുത്ത വായ്പാ തുക എഴുതി തള്ളുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലാ സഹകരണബാങ്കിന്റെ കൊട്ടാരക്കര ശാഖയിൽ നിന്നും വേണുഗോപാൽ ഭാര്യ ലളിത, തടവിളപുത്തൻവീട്, തേവന്നൂർ, കൊട്ടാരക്കര, എത്ര തുക വായ്പ എടുത്തിരുന്നെന്നും എന്നാണ് വായ്പ എടുത്തതെന്നും ഇപ്പോൾ എത്ര തുക തിരിച്ചടക്കാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പയും കുടിശികയും ഒഴിവാക്കി നൽകുന്നതിനോ, ഇളവ് ലഭ്യമാക്കുന്നതിനോ അഭ്യർത്ഥിച്ചുകൊണ്ട് വേണുഗോപാൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>സഹകരണമേഖലയിലെ വിദ്യാഭ്യാസ വായ്പ</u>

3756 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് വായ്പ അനുവദിക്കുന്നത് ;

(സി) എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ വായ്പയായി അനുവദിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഉത്തേജന പലിശ ഇളവ് പദ്ധതിപ്രകാരം കുട്ടനാട്ടിലെ നെൽകർഷകർക്ക് അനുവദിച്ച വായ്പ</u>

3757 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം ഏതെല്ലാം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ മുഖാന്തിരം കുട്ടനാട്ടിലെ നെൽകർഷകർക്ക് എത്ര തുക വീതം വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ വാർഷിക വിറ്റുവരവ്</u>

3758 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഹിത്യപ്രവർത്തക സഹകരണ സംഘം 2013-14 ൽ എത്ര പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ സംഘത്തിന്റെ വാർഷിക വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) റോയൽറ്റി ഇനത്തിൽ സംഘം എഴുത്തുകാർക്ക് എന്തെങ്കിലും തുക നൽകാനുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം എഴുത്തുകാർക്ക് എത്ര തുകവീതം നൽകാനുണ്ട് എന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>സഹകരണ നിയമത്തിലെ മാറ്റങ്ങൾ</u>

3759

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹകരണ നിയമത്തിലുണ്ടാക്കിയ മാറ്റങ്ങൾ കേരളത്തിലെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്നവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര നിയമത്തിനനുസരിച്ച് കേരള സഹകരണ നിയമത്തിൽ മാറ്റം വരുത്തുന്നതു മൂലം സഹകരണ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ അത്തരം പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കുടുംബസഹായ സംഘങ്ങൾക്കും കർഷക കൂട്ടായ്മകൾക്കും സഹകരണ സംഘങ്ങളായി പ്രവർത്തിക്കാൻ അനുമതി</u>

3760 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദീർഘകാലം മുൻപ് ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന കുടുംബസഹായ സംഘങ്ങൾക്കും കർഷക കൂട്ടായ്മകൾക്കും നിലവിലുള്ള സാഹചര്യത്തിൽ സഹകരണ സംഘങ്ങളായി പ്രവർത്തിക്കുവാൻ അനുവദിച്ച് രജിസ്ട്രേഷൻ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്രകാരം ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്ന കുടുംബസഹായ സംഘങ്ങൾ ഏതെങ്കിലും ഇതിനോടകം സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ടോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ നൈറ്റ് വാച്ചർമാർ</u>

3761 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ നൈറ്റ് വാച്ചർമാരുടെ ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ലാ സഹകരണ ബാങ്കുകളിലെ പോലെ പ്രാഥമിക സഹകരണ ബാങ്കുകളിലും നൈറ്റ് വാച്ചർമാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തിക മാറ്റത്തിന് നിലവിൽ നിയമ-സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ എന്നറിയിക്കുമോ;

(ഡി) എങ്കിൽ സഹകരണ നിയമങ്ങളിൽ ഭേദഗതി നടത്തി പ്രാഥമിക സഹകരണ സംഘങ്ങളിൽ നൈറ്റ് വാച്ചർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പുതിയ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ</u>

3762 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ മേഖലകളിൽ പുതിയതായി രജിസ്റ്റർ ചെയ്ത സഹകരണ ബാങ്കുകൾ എത്രയെണ്ണം വരുമെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) തൃശൂർ ജില്ലയിൽ മാത്രം എത്ര പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

(ഡി) ഇതിൽ നാട്ടിക നിയോജക മണ്ഡലത്തിൽപ്പെടുന്ന എത്ര സംഘങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമന സംവരണം</u>

3763 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിൽ നിയമനത്തിന് സ്വീകരിക്കുന്ന സംവരണം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) 2010 ഏപ്രിൽ ഒന്നിന് ശേഷം സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകളിൽ ആകെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ എത്രയാണെന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രയാണെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി

3764 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഇതിന് ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കൺസ്യൂമർ ഫെഡ് ജീവനക്കാർക്ക് എത്ര തുകയാണ് ശമ്പളകുടിശ്ശിക ഇനത്തിൽ നൽകാനുള്ളത്?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡിലെ അഴിമതി</u>

3765 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിലെ അഴിമതി ആരോപണങ്ങളെ തുടർന്ന് വിജിലൻസ് ഉൾപ്പെടെയുള്ള മറ്റു അന്വേഷണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥർ എത്രയാണെന്നും അവർ ആരെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഇത്തരത്തിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർക്ക് ജനറൽ മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയെന്നും അവർ ആരെല്ലാമാണെന്നും സർക്കാരിന്റെ അംഗീകാരം ഇത്തരം നിയമനങ്ങൾക്ക് ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കുമോ;

(സി) 2013-14 വർഷം കൺസ്യൂമർഫെഡിന്റെ വിവിധ ഓഫീസുകൾ, നീതി/നന്മ വിതരണ കേന്ദ്രം എന്നിവിടങ്ങളിൽ, 2013 സെപ്തംബറിൽ നടത്തിയ ഓപ്പറേഷൻ അന്നപൂർണ്ണ ഉൾപ്പെടെ, എത്ര അന്വേഷണങ്ങൾ നടത്തിയെന്നും, അന്വേഷണങ്ങൾക്ക് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത അന്വേഷണത്തിൽ, അരിയും, പലവ്യഞ്ജനവും ഉൾപ്പെടെയുളളവ പൊതുവിപണിയെക്കാൾ കൂടിയ വിലയ്ക്ക് വാങ്ങി അഴിമതി നടത്തിയതുമൂലം സർക്കാരിന് വരുത്തിയ നഷ്ടം എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; ഇതു നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഇവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>കുട്ടനാട്ടിൽ അനുവദിച്ച ത്രിവേണി, നന്മ സ്റ്റോറുകൾ</u>

3766 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കുട്ടനാട്ടിൽ ഏതെല്ലാം പ്രദേശത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ ത്രിവേണി നന്മ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന ത്രിവേണി, നന്മ സ്റ്റോറുകൾ</u>

3767 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി ത്രിവേണി, നന്മ സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ത്രിവേണി മാർക്കറ്റുകൾ</u>

3768 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിവേണി മാർക്കറ്റുകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ത്രിവേണി മാർക്കറ്റുകളിൽ ഇപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ത്രിവേണി മാർക്കറ്റുകളുടെ പ്രവർത്തനം</u>

3769 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമാർക്കറ്റുകളിൽ ഇടപെടുന്നതിനായി സ്ഥാപിക്കപ്പെട്ട ത്രിവേണി മാർക്കറ്റുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ത്രിവേണി മാർക്കറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച ത്രിവേണി മാർക്കറ്റുകൾ എത്രയെന്നും, എവിടെയെല്ലാമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ത്രിവേണി മാർക്കറ്റുകളിലെ വിറ്റു വരവ്</u>

3770 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിവേണി മാർക്കറ്റുകളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വിറ്റു വരവ് എത്രയാണെന്ന് പ്രത്യേകം പ്രത്യേകം **വ്യക്തമാക്കുമോ;**

(ബി) 25,000/- രൂപ വരെ പ്രതിദിന വിറ്റുവരവുള്ള മാർക്കറ്റുകളിൽ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരുവനന്തപുരം സ്റ്റാച്യുവിലുള്ള മാർക്കറ്റിൽ ശരാശരി പ്രതിദിന വിറ്റുവരവ് എത്രയായിരുന്നു; ഇപ്പോഴത്തെ വിറ്റുവരവ് എത്രയാണെന്ന് **വ്യക്തമാക്കുമോ;**

(ഡി) അന്ന് നിലവിലുണ്ടായിരുന്നത് എത്ര പേരായിരുന്നു; ഇപ്പോൾ അവിടെ എത്ര പേർ ജോലിയിലുണ്ടെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ത്രിവേണി മാർക്കറ്റുകളിലെ നിയമന മാനദണ്ഡം</u>

3771 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിവേണി മാർക്കറ്റുകളിൽ മുൻകാലങ്ങളിലെ നിയമനത്തിന് (ദിവസവേതനക്കാർ അടക്കം) സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഇപ്പോൾ ഈ മാനദണ്ഡങ്ങൾ പിൻതുടരുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ത്രിവേണി മാർക്കറ്റുകളിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്;

(ഡി) ഇതിൽ സ്ഥിരനിയമനവും താത്കാലിക നിയമനവും എത്ര വീതമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പുതിയ നന്മ, ത്രിവേണി സ്റ്റോറുകൾ</u>

3772 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നന്മ, ത്രിവേണി സ്റ്റോറുകളാണ് ആരംഭിച്ചത് ; ഇവ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

3773 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റോറുകൾ നോ പ്രോഫിറ്റ് നോ ലോസ് വ്യവസ്ഥയിൽ നടത്തുന്നതിന് എത്ര തുക വിറ്റു വരവ് ലഭിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര തുകയാണെന്നും പ്രസ്തുത തുക സംസ്ഥാനത്തെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കാണ് ലഭിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പുതിയ നന്മ സ്റ്റോറുകളുടെ വിവരം</u>

3774 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എത്ര വീതം നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്നും അത് ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ എത്ര വീതമെന്നും പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

(ബി) അരുവിക്കര, പാറശ്ശാല, നെയ്യാറ്റിൻകര നിയമസഭാ മണ്ഡലങ്ങളിൽ ഓരോ പഞ്ചായത്തിലും എത്ര വീതം നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇവിടങ്ങളിൽ എത്ര പേരെ താത്കാലികമായി നിയമിച്ചുവെന്നും പ്രസ്തുത നിയമനത്തിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന എത്ര നന്മ സ്റ്റോറുകളുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഗോപിനാഥൻനായർ കമ്മിറ്റി ശുപാർശ</u>

3775 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിവ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ എപ്പോഴാണ് ലഭിച്ചത്;

(ബി) നവീകരണവുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>എന്റെ ഗ്രാമം തൊഴിൽദാന പദ്ധതി</u>

3776 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമവ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ “എന്റെ ഗ്രാമം തൊഴിൽദാന പദ്ധതി” എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം വിഭാഗക്കാർക്കാണ് സഹായം നൽകുന്നത്; സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിലുള്ള വ്യവസായ യൂണിറ്റുകൾ</u>

3777 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ യൂണിറ്റുകളുടെ വളർച്ചക്ക് എന്തെല്ലാം സഹായമാണ് ബോർഡ് നൽകുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കേരളാ ഖാദി തൊഴിലാളി ക്ഷേമനിധി പദ്ധതി</u>

3778 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ എണ്ണം എത്രയാണ്;

(ബി) ക്ഷേമനിധിയുമായി ബന്ധപ്പെട്ട ഭേദഗതി നിർദ്ദേശങ്ങൾ എപ്പോഴാണ് ക്ഷേമനിധി ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ക്ഷേമനിധിയിലേക്കുള്ള അംശാദായം ഇനത്തിൽ തൊഴിലാളി - തൊഴിലുടമ വിഹിതവും സർക്കാർ വിഹിതവും കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എന്തു തുക വീതമാണെന്നു വിശദമാക്കുമോ;

(ഇ) കുടിശ്ശിക തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ഇൻകം സപ്പോർട്ട് സ്കീം</u>

3779 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഖാദി ബോർഡിന് എത്ര തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(സി) 2013-14 വർഷം ലഭിച്ച തുകയിൽ ഓരോ ഖാദി സ്ഥാപനത്തിനും അനുവദിച്ച തുകയെത്രയാണെന്നും ഓരോ സ്ഥാപനത്തിലും എത്ര തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള പണം അതത് മാസങ്ങളിൽ വേതനത്തോടൊപ്പം വിതരണം ചെയ്യാൻ നടപടികൾ
സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന ഉത്തരവ്

3780 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി, കൈത്തറി വ്യവസായ സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരും അധ്യാപകരും ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ പുറത്തിറക്കിയ ഉത്തരവുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഫാർമസിസ്റ്റ് കെ.വി. സുധാകരന്റെ ശമ്പളകുടിശ്ശികയും ആനുകൂല്യങ്ങളും</u>

3781 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് പ്രവർത്തിച്ചിരുന്ന സഹകരണ ആശുപത്രിയിൽ ഫാർമസിസ്റ്റ് ആയി ജോലി നോക്കിയിരുന്ന ശ്രീ. കെ.വി. സുധാകരൻ എന്നയാളുടെ ശമ്പളകുടിശ്ശികയും മറ്റാനുകൂല്യങ്ങളും നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ലേബർ കോടതിയുടെ ഉത്തരവ് ഉണ്ടായിട്ടും തുക നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?